"ഭരണഭാഷ - മാതൃഭാഷ"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നം. ഇ6/40912/12 തീയതി : 9..2..2013

വിഷയം : സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശ്രീ. എം. പ്രസാദ് - അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :

1) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരത്തിന്റെ 1..8..12 ലെ ഇ1/12194/12 നമ്പർ കത്ത്.
2) ബഹു: സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ 20..12..12 ലെ 7083/NOR/ 2012/ M(F&SJ) നമ്പർ കത്ത്.
3) G.O.(Ms) 4/61/PD തീയതി 2..1..61.

നഗരസഭാ ഡയറക്ടറുടെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീ. എം.പ്രസാദ് സാമൂഹ്യനീതി വകുപ്പിൽ കണ്ണൂർ ജില്ലയിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റത്തിന് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ജീവനക്കാരന്റെ അപേക്ഷ പരിഗണിച്ച് കൊണ്ട് കണ്ണൂർ ജില്ലയിൽ ഒഴിവുള്ള പാനൂർ ഐ.സി.ഡി.എസ്.ൽ നിയമിച്ച് ഉത്തരവാകുന്നു.

ജീവനക്കാരൻ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നത് മുതൽ 2 വർഷകാലയളവിനുള്ളിൽ ഒരു വർഷം പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കേണ്ടതാണ്. ടിയാൻ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ഈ വകുപ്പിൽ ഇതേ തസ്തികയിൽ ജോലി ചെയ്തു വരുന്നവരുടെ ജൂനിയർ ആയി മാത്രമേ സീനിയോറിറ്റി ലിസ്റ്റിൽ പരിഗണിക്കുകയുള്ളൂ.

ജീവനക്കാരന്റെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം യഥാസമയം ബന്ധപ്പെട്ട കാര്യാലയ മേധാവി ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം ഈ ഉത്തരവ് സ്വമേധയാ റദ്ദായതായി കണക്കാക്കും.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

ശ്രീ. എം. പ്രസാദ്
ഓഫീസ് അറ്റൻഡന്റ്
(കാര്യാലയ മേധാവി മുഖേന)

പകർപ്പ് :

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2. സി.ഡി.പി.ഒ. പാനൂർ
3. ജില്ലാ സാമൂഹ്യനീതി ഓഫീസർ, കണ്ണൂർ
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

NA/13

04085